പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-4670 20.10.11- ൽ മറുപടിക്ക്

## ദേശീയ വ്യവഹാര നയം

ചോദ്യം

ശ്രീ. ഹൈബി ഈഡൻ

ഉത്തരം

ശ്രീ.കെ.എം.മാണി
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം സംസ്ഥാനത്ത് 'ദേശീയ വ്യവഹാര നയം' നടപ്പാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ; ഉണ്ടായിട്ടുണ്ടെങ്കിൽ എത്ര രൂപയാണ് ഈയിനത്തിൽ നഷ്ടപ്പെട്ടിട്ടുള്ളത്; | വീഴ്ച ഉണ്ടായിട്ടില്ല. |
| (ബി) | മുൻ സർക്കാരിൽ നിന്ന് വ്യത്യസ്തമായി വ്യവഹാര നയത്തെ സംബന്ധിച്ച് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | വ്യവഹാര നയം മന്ത്രിസഭ അംഗീകരിക്കുകയുണ്ടായി. എന്നാൽ ഇതിന്മേൽ കൂടുതൽ വ്യക്തതയ്ക്കു വേണ്ടി അഡ്വക്കേറ്റ് ജനറലിന്റെയും ഹൈക്കോടതിയുടെയും അഭിപ്രായത്തിനായി നൽകിയിരിക്കുകയാണ്. അന്തിമ നയം ആയതിനുശേഷം മാത്രമേ ഇക്കാര്യം വ്യക്തമാകൂ. സംസ്ഥാന വ്യവഹാര നയം അംഗീകരിച്ചതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ വ്യക്തമായ മറുപടി നൽകുവാൻ കഴിയുകയുള്ളൂ. |
| (സി) | വ്യവഹാര നയം നടപ്പാക്കുന്നതുകൊണ്ട് ജനങ്ങൾക്ക് എന്തെല്ലാം പ്രയോജനമാണ് ഉണ്ടാകുന്നത്; | ഗവൺമെന്റ് കക്ഷിയായ വ്യവഹാരങ്ങളുടെ എണ്ണം കുറയ്ക്കാനും വ്യവഹാരങ്ങളുടെ ശരാശരി കാലപ്പഴക്കം 15 വർഷത്തിൽ നിന്നും 3 വർഷമാക്കാൻ വേണ്ടി ഉത്തരവാദിത്വത്തോടെയുള്ള വ്യവഹാരം നടത്തിപ്പിനും സമഗ്രവും സംയോജിതവും സമയബന്ധിതവുമായ കേസ് നടത്തിപ്പിനും മേൽനോട്ടത്തിനും ലക്ഷ്യമിടുന്നതാണ് വ്യവഹാരനയം. കൂടാതെ |

| | | |
|---|---|---|
| | | ക്ഷേമനിയമങ്ങൾക്കും സാമൂഹ്യ പരിഷ്ക്കരണത്തിനും ദുർബ്ബല വിഭാഗങ്ങൾക്കും സഹായം ആവശ്യമുള്ള മറ്റ് വിഭാഗങ്ങൾക്കും കേസ് നടത്തിപ്പിൽ മുൻഗണന നൽകുന്നതിന് പ്രാധാന്യം കൊടുക്കുന്നതിനും വ്യവഹാര നയം ലക്ഷ്യമിടുന്നു. |
| (ഡി) | 'ദേശീയ വ്യവഹാര നയം' കേരളത്തിൽ നടപ്പാക്കുന്നതിന് കാലതാമസം വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഉദ്യോഗസ്ഥ തലത്തിലെ വീഴ്ച കാരണമാണോ; വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുമോ ? | ദേശീയ വ്യവഹാര നയം കേരളത്തിൽ നടപ്പിലാക്കാൻ കാലതാമസം ഉണ്ടായതായി കരുതുന്നില്ല. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ